(സി) ചാരായനിരോധനം ഏർപ്പെടുത്തിയശേഷം കള്ള്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം എന്നിവയുടെ ഉപഭോഗം വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ചാരുംമൂട് എക്സൈസ് റേഞ്ച് ഓഫീസിനായി ലഭിച്ചിട്ടുള്ള നിവേദനങ്ങൾ

29 [3282] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തെക്കുകിഴക്കേ അതിരായി ചാരുംമൂട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ വ്യാജമദ്യ വില്പന തടയുന്നതിന് ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാനുള്ള ഒരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ നിവേദനങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനം ലഭ്യമാക്കാൻ നടപടി

30 [3283] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ ആവശ്യത്തിന് വാഹനങ്ങളും ജീവനക്കാരും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാഹിയുടെ ഏറ്റവും അടുത്തുള്ള ഈ ചെക്ക്പോസ്റ്റിൽ സ്വന്തമായി വാഹനം ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അഴിയൂർ ചെക്ക്പോസ്റ്റിൽ ഉടനെ ഒരു വാഹനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly